**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 922** **12-06-2024 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡ് നിയമനങ്ങളിലെ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ദേവസ്വം ബോർഡ് സ്കൂളുകളിലെയും കോളേജുകളിലെയും നിയമനങ്ങളിൽ സംവരണം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുന്ന അദ്ധ്യാപക/അനദ്ധ്യാപക നിയമനങ്ങളിൽ പി.എസ്.സി. യുടെ സംവരണ റൊട്ടേഷൻ പാലിച്ച് സംവരണം ഏർപ്പെടുത്തുന്നതിന് ദേവസ്വം ബോർഡുകളെ ചുമതലപ്പെടുത്തി 29/02/2024-ലെ സ.ഉ.(സാധാ) നം.794/2024/ ആർ.ഡി നമ്പർ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ ദേവസ്വം ബോർഡുകൾ സ്വീകരിച്ചുവരുന്നു. |
| (ബി) | 2018-ലെ യു.ജി.സി. റെഗുലേഷൻ പ്രസ്തുത സംവരണം നടപ്പിലാക്കാൻ തടസ്സം സൃഷ്ടിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇല്ല. യു.ജി.സി. റഗുലേഷനിൽ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് മാത്രമാണ് പരാമർശം എന്നതിനാൽ സംവരണ ചട്ടങ്ങൾ ബാധകമാക്കുന്നതിന് തടസ്സമില്ല. |
| (സി) | പ്രസ്തുത നിയമനങ്ങൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ